35 (1137) ഗ്രാമീണ റോഡുകൾക്കു നബാർഡ് സഹായം

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ബി. വിജയകുമാർ :
ശ്രീമതി ശോഭനാ ജോർജ്ജ് :
ശ്രീ. കെ. സുധാകരൻ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പു നിർദ്ദേശിക്കുന്ന ഗ്രാമീണ റോഡുകളെ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യവികസന ഫണ്ട് പദ്ധതിപ്രകാര മുള്ള സഹായത്തിന് അർഹമാക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സാമ്പത്തിക വർഷത്തിൽ ഗ്രാമീണ റോഡു കൾക്കായി എന്തു സഹായം പ്രതീക്ഷിക്കുന്നു?

ഉത്തരം

(എ) ഉണ്ട്.

(ബി) 25 കോടി രൂപ പ്രതീക്ഷിക്കുന്നു. നയപരമായ തീരുമാനം ആയിട്ടില്ല.

36 (1138) അഞ്ചുവർഷത്തിൽ കൂടുതൽ ഒരേ ഓഫീസിൽ ജോലി ചെയ്യുന്നവർ

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന കമ്മീഷണറേറ്റിലും ജില്ലയിലുള്ള അസിസ്റ്റന്റ് ഡവലെപ്പ്മെന്റ് കമ്മീഷണർ ഓഫീസിലും തുടർച്ചയായി അഞ്ചു വർഷത്തിൽ കൂടുതൽ ജോലി നോക്കുന്ന മിനിസ്റ്റീരിയൽ ജീവനക്കാർ എത്ര;

(ബി) ഇതിൽ നാളിതുവരെ ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിൽ ജോലി ചെയ്തിട്ടില്ലാത്തവർ എത്ര;

(സി) ഇവർക്ക് ബ്ലോക്ക് പഞ്ചായത്തുകളിൽ ജോലി നോക്കാൻ അവ സരം കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗ്രാമവികസന കമ്മീഷണറേറ്റിൽ 6 പേരുണ്ട്. ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ഗ്രാമവികസന കമ്മീഷണറേറ്റിൽ 5 പേരുണ്ട്. ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

(സി) നടപടി സ്വീകരിക്കുന്നുണ്ട്.

37 (1139) ബാബുപോൾ കമ്മിഷൻ

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷ റീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly